**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 171

03.10.2016 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ.ആന്റണി ജോൺ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പകൾ തിരിച്ചു പിടിക്കുന്ന നടപടി ബാങ്കുകൾ ഊർജ്ജിതമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വിദ്യാഭ്യാസ വായ്പയിന്മേലുള്ള കിട്ടാക്കടം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ബാങ്കുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള വായ്പ തിരിച്ചു പിടിക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വാണിജ്യബാങ്കുകളിലെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള കിട്ടാക്കടത്തിന്റെ, 2016 ജൂൺ 30-ാം തീയതിയിലെ കണക്കുകൾ താഴെ കൊടുക്കുന്നു. |

| വർഷം | വാണിജ്യ ബാങ്കുകളുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള നിഷ്ക്രിയ ആസ്തികൾ | |
|---|---|---|
| | അക്കൗണ്ടുകളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
| ജൂൺ - 15 | 41929 | 95754 |
| ജൂൺ - 16 | 47988 | 118126 |
| വർദ്ധനവിന്റെ % | 14 % | 23 % |

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടി മൂലം പ്രതിസന്ധിയിലായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) 2016-17 - ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, കുടിശ്ശികയായ വായ്പാത്തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ് എന്നും ഇതിലേയ്ക്കായി 100 കോടി രൂപ വകയിരുത്തുന്നതായും ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. സ്കീം നടപ്പാക്കുന്ന മുറയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നതാണ്. ഈ വിഷയം പ്രായോഗികമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ വായ്പ എടുത്ത് കട ക്കെണിയിലായ കുടുംബങ്ങളെ സഹാ യിക്കുന്നതിന്, ബാങ്കിന്റെ നിലവിലുള്ള നിയമം അനുസരിച്ച് വായ്പ കുടിശ്ശിക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാഹചര്യം ലഭ്യമാക്കി, പരമാവധി ഇളവ് അനുവദിച്ച് നൽകാൻ സർക്കാ രിൽ ലഭ്യമാകുന്ന പരാതികളിന്മേൽ സംസ്ഥാനതല ബാങ്കിംഗ് സമിതിയ്ക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകിവരുന്നു.

2014-15 ലെ കേന്ദ്ര ബജറ്റ് പ്രസംഗ ത്തിലെ പ്രഖ്യാപനത്തിൻ പ്രകാരം 01.04.2009 മുതൽ വിദ്യാഭ്യാസ ലോണെ ടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ളവരുടെ മക്കളുടെ അർഹതയുള്ള വിദ്യാഭ്യാസ ലോണിന്റെ 31-03-2016 വരെയുള്ള കുടിശ്ശിക പലിശ ഏറ്റെടുക്കുന്നതിനായുള്ള പദ്ധതി നിലവിലുണ്ട്.

Deep.

സെക്ഷൻ ഓഫീസർ